പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3987 — 25.06.2014- ൽ മറുപടിക്ക്

## മായം കലർത്തലും വിൽപനയുമായി ബന്ധപ്പെട്ട് ഭക്ഷ്യസുരക്ഷാ വകുപ്പ് നൽകുന്ന പരമാവധി ശിക്ഷകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | പഴകിയതും രാസവസ്തുകൾ കലർന്നതുമായ മാംസം ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾ കണ്ടെത്താൻ ഭക്ഷ്യസുരക്ഷാ വകുപ്പ് കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര സ്ഥലങ്ങളിൽ പരിശോധന നടത്തിയെന്നും എത്ര കേസ്സുകൾ എടുത്തു എന്നും വിശദാംശം ലഭ്യമാക്കുമോ; | എ) | 3909 പരിശോധന നടത്തിയിട്ടുള്ളതും 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുസരിച്ച് 38 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. |
| ബി) | ഭക്ഷ്യസാധനങ്ങളിൽ മായം ചേർക്കുന്നതിനും മായം കലർന്ന ഭക്ഷ്യസാധനങ്ങൾ വിൽപന നടത്തുന്നതിനും പരമാവധി ശിക്ഷകൾ എന്താണെന്ന് വ്യക്തമാക്കുമോ? ഇത്തരം കുറ്റത്തിനുള്ള ശിക്ഷ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | ബി) | 2006- ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുസരിച്ച്, പരമാവധി ജീവപര്യന്തം തടവും പത്ത് ലക്ഷം രൂപ വരെ പിഴയും ലഭിക്കാവുന്ന കുറ്റമാണ്. 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം, സംസ്ഥാന സർക്കാരിന് ശിക്ഷയിൽ വർദ്ധന വരുത്തുവാനുള്ള അധികാരം പരാമർശിച്ചിട്ടില്ല |

**സെക്ഷൻ ഓഫീസർ**